ഉത്തരം

(എ) 8,100 വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഈ പദ്ധതിപ്രകാരമുള്ള സഹായത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്കാണ് അർഹത. പുല്ല്, തുണി, ടെന്റ്, ഇല, ഓല തുടങ്ങിയ സാധനങ്ങളുപയോഗിച്ച് മേൽക്കൂരയും ചുമരുകളും നിർമ്മിച്ചിട്ടുള്ളവയെയാണ് വാസയോഗ്യമല്ലാത്ത വീടുകൾ എന്ന വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത്തരം കുടിലുകളെ പരിഷ്കരിച്ച് വാസയോഗ്യമാക്കുന്നതിന് പരമാവധി 12,500 രൂപ വരെ സഹായം നൽകാവുന്നതാണ്.

(സി) 810 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) വാസയോഗ്യമല്ലാത്ത വീടുകളുള്ള ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളിൽ നിന്നും ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകളാണ്.

സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയിലൂടെയുള്ള സഹായം

119 [301] *ശ്രീ. ലൂഡി ലൂയിസ്:*

" *എ. സുജനപാൽ:*

" *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനപ്രകാരം എത്ര കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകിയിട്ടുണ്ട്;

(ബി) അതിനുവേണ്ടി ഇതുവരെ ആകെ എത്ര തുക നൽകിയിട്ടുണ്ട്;

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രകാരം 86,500 പേർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുവേണ്ടി ഇതുവരെ 6766.65 ലക്ഷം രൂപ സഹായ ധനമായി നൽകിയിട്ടുണ്ട്.

(സി) ഈ വർഷം ഈ പദ്ധതിപ്രകാരം 30,000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന

120 [302] *ശ്രീ. എം. മുരളി:*

,, *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭകർക്കും പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ;

(ബി) അതിനുവേണ്ടി എന്ത് തുക മാറ്റിവച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 10,000 പേർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നാണ് പരിശീലന ചെലവുകൾ വഹിക്കുന്നത്. ഇതിൽ നിന്ന് 5 കോടി രൂപ വരെ ഇതിന് ചെലവഴിക്കാവുന്നതാണ്.

പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി

121 [303] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ആകെ എത്ര റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര റോഡുകൾ നിർമ്മിച്ച് കഴിഞ്ഞു എന്നും ഇനി എത്ര റോഡുകൾ നിർമ്മിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) അതിയന്നൂർ ബ്ലോക്ക് അതിർത്തിയിൽ എത്ര റോഡുകളുടെ നിർമ്മാണമാണ് പ്രസ്തുത പദ്ധതി അനുസരിച്ച് ഏറ്റെടുത്തത് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly